# <u>വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കലാവിഭാഗങ്ങൾ</u>

| ക്രമ നം | പ്രധാന വിഭാഗം | കലാവിഭാഗങ്ങൾ | അക്കാഡമിക് യോഗ്യത | പ്രായ പരിധി |
|---|---|---|---|---|
| 1 | **ക്ലാസിക്കൽ കലകൾ** | കഥകളി- വേഷം<br>കഥകളി - ചുട്ടി<br>കഥകളി - മദ്ദളം<br>കഥകളി - ചെണ്ട<br>കഥകളി - സംഗീതം<br>മേളം - പഞ്ചവാദ്യം<br>മേളം -ചെണ്ട<br>മേളം - തായമ്പക<br>കൂടിയാട്ടം-വേഷം<br>കൂടിയാട്ടം- മിഴാവ്<br>തുള്ളൽ<br>സംഗീതം - വോക്കൽ<br>സംഗീതം - വയലിൻ<br>സംഗീതം - മൃദംഗം<br>സംഗീതം - വീണ<br>സംഗീതം - പുല്ലാങ്കുഴൽ<br>നൃത്തം - മോഹിനിയാട്ടം<br>നൃത്തം - കേരളനടനം | കേരള കലാമണ്ഡലം, തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജ്, തൃപ്പൂണിത്തുറ ആർ എൽ വി കോളേജ്, പാലക്കാട് ചെമ്പൈ സ്മാരക സംഗീത കോളേജ്, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല , ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരക കലാപീഠം, ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ സ്മാരക കലാനിലയം, ചിറ്റൂർ ഗവൺമെന്റ് കോളേജ് , തിരുവനന്തപുരം ഗവൺമെന്റ് വനിതാ കോളേജ് തിരുവനന്തപുരം മാർഗ്ഗി , പാലക്കാട് ഗാന്ധി സേവാ സദനം കഥകളി വിദ്യാലയം, കോട്ടയ്ക്കൽ കോട്ടയ്ക്കൽ നാട്യ വിദ്യാലയം എന്നിവയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നിന്നും ബന്ധപ്പെട്ട കലാവിഷയത്തിൽ ബിരുദം, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സ് യോഗ്യത നേടിയിരിക്കണം . മേളം എന്ന കലാരൂപത്തിൽ മേൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ അഭിമുഖത്തിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഗുരുകുല സമ്പ്രദായത്തിലോ മറ്റേതെങ്കിലും സംവിധാനത്തിലോ പഠനം കൈവരിച്ചവരെ ഇന്റർവ്യൂ ബോർഡ് ആവശ്യമെങ്കിൽ പരിഗണിക്കുന്നതാണ് . | 35 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല |

| | | | | |
|---|---|---|---|---|
| | | നാടകം | സ്കൂൾ ഓഫ് ഡ്രാമ തൃശ്ശൂർ , കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല മറ്റു അംഗീകൃത സർവ്വകലാശാലകൾ/ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും ബിരുദം, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സ് യോഗ്യത നേടിയിരിക്കണം . | 35 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല |
| 2 | **അഭിനയ കല** | കഥാപ്രസംഗം | എസ് എം വി കഥാപ്രസംഗ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, മറ്റു അംഗീകൃത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ബിരുദം, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സ് യോഗ്യത നേടിയിരിക്കണം .മേൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ അഭിമുഖത്തിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഗുരുകുല സമ്പ്രദായത്തിലോ മറ്റേതെങ്കിലും സംവിധാനത്തിലോ പഠനം കൈവരിച്ചവരെ ഇന്റർവ്യൂ ബോർഡ് ആവശ്യമെങ്കിൽ പരിഗണിക്കുന്നതാണ് . | 35 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല |
| 3 | **ലളിതകല** | പെയിന്റിംഗ്<br>ശിൽപ്പകല<br>കാർട്ടൂൺ<br>അപ്ലൈഡ് ആർട്ട്<br>ഇൻസ്റ്റലേഷൻ<br>ഫോട്ടോഗ്രാഫി<br>ന്യൂ മീഡിയ<br>ചുമർ ചിത്രകല | മാവേലിക്കര രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ് , തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് ഫൈൻ ആർട്സ് , തൃപ്പൂണിത്തുറ ആർ എൽ വി കോളേജ് ഓഫ് ഫൈൻ ആർട്സ് ,തൃശ്ശൂർ ഗവൺമെന്റ് കോളേജ് ഓഫ് ഫൈൻ ആർട്സ് , കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, ആറന്മുള വാസ്തുവിദ്യ ഗുരുകുലം , മറ്റു അംഗീകൃത സർവ്വകലാശാലകൾ/ കോളേജുകൾ മറ്റു സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ബിരുദം, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സ് യോഗ്യത നേടിയിരിക്കണം. എന്നാൽ കാർട്ടൂൺ, ഇൻസ്റ്റലേഷൻ , ഫോട്ടോഗ്രാഫി ,ന്യൂ മീഡിയ എന്നിവയിൽ മേൽ പറഞ്ഞ യോഗ്യത ഉള്ളവരുടെ അഭാവത്തിൽ മാത്രം ഗുരുകുല സമ്പ്രദായത്തിലോ മറ്റേതെങ്കിലും സംവിധാനത്തിലോ പഠനം കൈവരിച്ചവരെ അഭിമുഖത്തിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ ബോർഡ് ആവശ്യമെങ്കിൽ പരിഗണിക്കുന്നതാണ് . | 35 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല |

| | | | | |
|---|---|---|---|---|
| 4 | **ഫോക് ലോർ കലകൾ** | തെയ്യം<br>തിറ<br>പൂരക്കളി<br>മറത്തുകളി<br>കണ്യാർ കളി<br>നാടൻപാട്ട്<br>ചവിട്ടുനാടകം<br>മാർഗ്ഗംകളി<br>മുടിയേറ്റ്<br>പടയണി<br>മാപ്പിളകലകൾ<br>കോൽക്കളി<br>വിൽപ്പാട്ട്<br>തിരുവാതിരക്കളി<br>പാക്കനാർ തുള്ളൽ<br>വഞ്ചിപ്പാട്ട്<br>ഗദ്ദിക<br>തോൽപ്പാവക്കൂത്ത്<br>കാക്കാരിശ്ശി നാടകം<br>പരിചമുട്ട് | ഗുരുകുല സമ്പ്രദായത്തിലോ മറ്റു സംവിധാനത്തിലോ ആർജിച്ച കലാ പരിജ്ഞാനവും കലാ പരിശീലനവും. അഭിമുഖ സമിതിക്ക് മുൻപാകെ അപേക്ഷകർ കലാരൂപം അവതരിപ്പിച്ചു യോഗ്യത തെളിയിക്കേണ്ടതാണ് . | 40 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല |